ടൂറിസം വികസനപ്രവർത്തനങ്ങളിൽ കെ.ടി.ഡി.സി.യുടെ പങ്ക്

*7 [398] *ശ്രീ. കെ. രാധാകൃഷ്ണൻ:*
,, *പിരപ്പൻകോട് മുരളി:*
,, *കെ. പി. സതീശ് ചന്ദ്രൻ:*
,, *മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ടൂറിസം വികസന രംഗത്ത് അടിസ്ഥാനപരമായ നേട്ടങ്ങൾ കൈവരിക്കുന്നതിനായി കേരള ടൂറിസം വികസന കോർപ്പറേഷൻ ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തുന്ന പ്രവർത്തനത്തിൽ കെ.റ്റി.ഡി.സി. വഹിക്കുന്ന പങ്ക് എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് കെ.റ്റി.ഡി.സി. ഏതെങ്കിലും പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):*

(എ) കേരളത്തിൽ ടൂറിസം വികസനരംഗത്ത് അടിസ്ഥാനപരമായ നേട്ടങ്ങൾ കൈവരിക്കുന്നതിനായി കെ.റ്റി.ഡി.സി. സംസ്ഥാനത്തൊട്ടാകെ വലുതും ചെറുതുമായി എഴുപതോളം സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. ഇവയിൽ 7 മുന്തിയതരം ഹോട്ടലുകൾ, 7 ഇടത്തരം ഹോട്ടലുകൾ, 7 യാത്രി നിവാസുകൾ, 12 വഴിയോര വിശ്രമകേന്ദ്രങ്ങൾ, 26 റസ്റ്റോറന്റ് & ബിയർ പാർലറുകൾ എന്നിവ ഉൾപ്പെടുന്നു. ഇവകൂടാതെ, കേരളത്തിന്റെ വിനോദസഞ്ചാര മേഖലകളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിലേക്കായി തിരുവനന്തപുരം, എറണാകുളം, ചെന്നൈ, ന്യൂഡൽഹി എന്നീ സ്ഥലങ്ങളിൽ ടൂറിസ്റ്റ് റിസപ്ഷൻ സെന്ററുകളും, തീർത്ഥാടകർക്കായി എരുമേലി, കുളനട എന്നീ സ്ഥലങ്ങളിൽ തീർത്ഥാടന വിശ്രമകേന്ദ്രങ്ങളും നടത്തുന്നുണ്ട്. വേളി, മ്യൂസിയം, ന്യൂഡൽഹി എന്നീ സ്ഥലങ്ങളിൽ ഭക്ഷണശാലകളും പ്രവർത്തിക്കുന്നുണ്ട്. വിനോദസഞ്ചാരികൾക്കായി ഇന്ത്യയിലുടനീളം താമസസൗകര്യം ഏർപ്പെടുത്തിക്കൊടുക്കുന്നതിലേക്കായി തിരുവനന്തപുരം, ചെന്നൈ, കൊച്ചി, ന്യൂഡൽഹി തുടങ്ങിയ സ്ഥലങ്ങളിൽ സെൻട്രൽ റിസർവ്വേഷൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, വിനോദ സഞ്ചാരികൾക്കായി യാത്രാസൗകര്യം ഒരുക്കുന്നതിന് തിരുവനന്തപുരത്തും എറണാകുളത്തും ട്രാൻസ്പോർട്ട് ഡിവിഷനും പ്രവർത്തനക്ഷമമാണ്. തേക്കടി, വേളി, മലമ്പുഴ, കൊച്ചി, കുമരകം, കൊല്ലം തുടങ്ങിയ സ്ഥലങ്ങളിൽ ജലാശയങ്ങളിൽ ഉല്ലാസയാത്ര നടത്തുന്നതിനാവശ്യമായ ബോട്ടിംഗ് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) തണ്ണീർമുക്കത്ത് ആയുർവ്വേദിക് റിസോർട്ട് സെന്ററും കുമരകത്ത് ബോട്ട് ടെർമിനലും മണ്ണാർക്കാട് യാത്രിനിവാസും പൊന്മുടിയിൽ കോട്ടേജുകളും ചേറ്റുവായിൽ റസ്റ്റോറന്റും ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, ടൂറിസ്റ്റുകൾക്ക് ആവശ്യമായ താമസസൗകര്യം കുറവുള്ള സ്ഥലങ്ങളിൽ പുതിയ ഹോട്ടലുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ, കണ്ണൂർ ജില്ലകളിൽ ഓരോ ഹോട്ടലുകൾ തുടങ്ങുവാൻ കെ.റ്റി.ഡി.സി. നടപടി എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) & (ഡി) കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ വിവിധ ഹോട്ടലുകളിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി കെ.റ്റി.ഡി.സി. വിവിധ നവീന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. കേരളത്തിന്റെ തനതായ ആയുർവ്വേദത്തിന്റെ ഗുണഫലങ്ങൾ ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കുന്നതിനായി കേരളത്തിലെ പ്രമുഖ ആയുർവ്വേദസ്ഥാപനമായ കേരളീയം ആയുർവ്വേദസമാജവുമായി ചേർന്ന് ഒരു ആയുർവ്വേദകേന്ദ്രം കെ.റ്റി.ഡി.സി.യുടെ തണ്ണീർമുക്കത്തുള്ള ആയുർവ്വേദിക് ലേക്ക് റിസോർട്ടിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 43 മുറികളുള്ള ഒരു റിസോർട്ടാണിത്. കേരളം നേടിക്കഴിഞ്ഞ ആരോഗ്യരംഗത്തെ വളർച്ച മനസ്സിലാക്കിക്കൊണ്ട് കെ.റ്റി.ഡി.സി.യും കൊച്ചിയിലെ അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസും ചേർന്ന് ഒരു ആരോഗ്യടൂറിസം പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ എടുത്തുവരുന്നു. വിദ്യാർത്ഥികൾക്കുവേണ്ടി കൂടുതൽ ഇളവുകൾ നൽകി മിതമായ മുറിവാടകയിൽ ഒരു പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. ഇവയ്ക്കു പുറമേ ചേറ്റുവായിൽ ബോട്ട് ടെർമിനൽ, റസ്റ്റോറന്റ്, കോൺഫറൻസ് ഹാൾ, ചിൽഡ്രൻസ് പാർക്ക് മുതലായ സൗകര്യങ്ങൾ കെ.റ്റി.ഡി.സി. ഏർപ്പെടുത്തിയിട്ടുണ്ട്. മണ്ണാർക്കാട് പത്തുമുറികളുള്ള ഒരു യാത്രിനിവാസും അതിനോടനുബന്ധിച്ച് റസ്റ്റോറന്റും തുടങ്ങുന്നതാണ്.

കയർ മേഖലയിൽ സ്വയംസഹായ സഹകരണ സംഘങ്ങൾ

*8 [399] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*
,, *ജി. പ്രതാപവർമ്മ തമ്പാൻ:*
,, *കെ. മോഹൻകുമാർ:*
പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ സ്വയംസഹായ സഹകരണ സംഘങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഈ സംഘങ്ങളിൽ അംഗമാകുന്നവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകും എന്ന് അറിയിക്കുമോ;

(സി) ഈ വർഷം എത്ര പേരെ ഇതിൽ അംഗങ്ങളാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):*

(എ) ഉണ്ട്.

(ബി) സ്വയംസഹായ സംഘങ്ങൾക്ക് താഴെപ്പറയുന്ന സഹായങ്ങൾ നൽകുന്നതും അതിന്റെ പ്രയോജനം അതിലെ അംഗങ്ങൾക്ക് ലഭിക്കുന്നതുമാണ്:

1. ¼ HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകൾ ഉപയോഗിച്ച് ഗുണമേന്മയുള്ള കയറുല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly